**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2291** **16-03-2022 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ജീവനക്കാരുടെ സേവന വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിതരണ വകുപ്പിൽ നിന്ന് സപ്ലൈക്കോയിലേക്ക് അന്യത്ര സേവനത്തിന് നിയോഗിക്കുന്ന ജീവനക്കാർ ജോലി ചെയ്യുന്ന കാലയളവിലെ സേവന വേതന വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്തുന്നതിന് നിലവിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് സപ്ലൈകോ അവലംബിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ രേഖപ്പെടുത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | പൊതുവിതരണ വകുപ്പിൽ നിന്നും സപ്ലൈകോയിൽ അന്യത്ര സേവനത്തിലുള്ള ജീവനക്കാരുടെ സേവന വേതന വിവരം സ്പാർക്കിൽ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഇതുവരെയും സ്പാർക്കിൽ ലഭ്യമല്ല. സപ്ലൈക്കോയിൽ SEIPS (Supplyco Employee Information and Payroll System) എന്ന in-house സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് ശമ്പള വിതരണം നടത്തുന്നത് ഇതൊരു Digitalised Payment System ആണ്. |
| (ബി) | സർക്കാർ ജീവനക്കാരുടെ സേവന വേതന വിവരങ്ങൾ സ്പാർക്ക് വഴി കൃത്യമായി രേഖപ്പെടുത്തിയിരിക്കണം എന്ന വ്യവസ്ഥ നിലനിൽക്കെ സപ്ലൈകോയിൽ നിന്ന് അന്യത്ര സേവനം കഴിഞ്ഞ് മടങ്ങുന്ന പൊതുവിതരണ വകുപ്പ് ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്താതിനാൽ ശമ്പളം, പെൻഷൻ മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്ക് കാലതാമസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ സപ്ലൈക്കോയിലോ പൊതുവിതരണ വകുപ്പിലോ എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | സപ്ലൈകോയിൽ നിന്ന് അന്യത്ര സേവനം കഴിഞ്ഞ് മടങ്ങുന്ന പൊതുവിതരണ വകുപ്പ് ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്താത്തതിനാൽ ശമ്പളം, പെൻഷൻ മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്ക് കാലതാമസമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | ജീവനക്കാരുടെ വിവരങ്ങൾ യഥാസമയങ്ങളിൽ സ്പാർക്കിൽ രേഖപ്പെടുത്തുന്നതിനായി സപ്ലൈകോയ്ക്ക് സർക്കാർ നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഇത് നടപ്പിലാക്കാത്തതെന്നു വിശദമാക്കാമോ? | (സി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ ജി-സ്പാർക്ക് മുഖേന സേവന വേതന വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം സപ്ലൈകോയിൽ ഇത് നടപ്പിലാക്കുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ